# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ഫെബ്രുവരി 2015

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2: 52)

### 1. അതിരൂപതാ മതബോധന കമ്മിറ്റി

2014-15 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2015 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. കമ്മിറ്റി അംഗങ്ങളെല്ലാവരും സംബന്ധിക്കേണ്ടതാണ്.

### 2. സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 13 ന് വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ  സന്ദേശഭവനിൽ ചേരുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരേണ്ടതാണ് രാവിലെ നടക്കുന്ന അതിരൂപതാ മതബോധനകമ്മറ്റിയിലും അവർ പങ്കെടുക്കേണ്ടതാണ്

### 3. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 11 ശനി

ഒന്നു മുതൽ ഒൻപതാം ക്ലാസുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ പതിനൊന്നാം തീയ്യതി ശനിയാഴ്ച്ചയായിരിക്കും. കലണ്ടറിൽ കൊടുത്തിരിക്കുന്ന തീയ്യതിയിൽ മാറ്റം വരുത്തിയിരിക്കുന്നു.

### 4. ആസ്പെക്ട്  പ്രബന്ധം/പരീക്ഷ

അധ്യാപകരുടെ പഠനഭാഗമായി നിശ്ചയിച്ചിരിക്കുന്ന ആസ്പെക്ട് പരീക്ഷ ഫെബ്രുവരി 22-ാം തീയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും. പ്രബന്ധം എഴുതുന്നവർ ഫെബ്രുവരി 22ന് മുൻപ് ഹെഡ്മാസ്റ്ററെ എഴുതി ഏല്പിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ പരീക്ഷ പേപ്പറും പ്രബന്ധവും കൂടി ഒരുമിച്ച് ഫെബ്രുവരി 28ന് മുമ്പ് ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ അയച്ചുതരേണ്ടതാണ് . പിന്നീട് ലഭിക്കുന്നത് പരിഗണിക്കുന്നതല്ല. പ്രബന്ധവിഷയങ്ങൾക്കും ചോദ്യങ്ങൾക്കും ഡിസംബർ ബുള്ളറ്റിൻ പേജ് 41 കാണുക

**പ്രത്യേകം ശ്രദ്ധിക്കുക:** ദൈവശാസ്ത്ര ബിരുദകോഴ്സിൽ ചേർന്ന് പഠിക്കുന്ന അധ്യപകരുടെ  ഈ സെമസ്റ്ററിലെ സെമിനാർപേപ്പറിന്റെ വിഷയം ആസ്പെക്ട് പുസ്തകത്തിൽ (മാതാപിതാക്കളും വിശ്വാസപരിശീലനവും) നിന്നാണ്. താഴെ കൊടുത്തിരിക്കുന്ന രണ്ട് ചോദ്യങ്ങൾക്കും  അഞ്ചു പേജിൽ കുറയാതെ ഉത്തരമാണ് അവർ എഴുതേണ്ടത്.

**സെമിനാർ വിഷയം**

1. കുട്ടികൾ ഈ കാലഘട്ടത്തിലെ വെല്ലു വിളികളിൽ വീഴാതെ അവരുടെ വിശ്വാസ വളർച്ചയിൽ ഉറപ്പുള്ള കോട്ടയായിരിക്കുവാൻ മാതാപിതാക്കളുടെ പങ്ക് വിവരിക്കുക?
2. കുടുംബം വിശ്വാസപരിശീലന കളരിയും മാതാപിതാക്കൾ ആദ്യത്തെ മതാധ്യാപകരുമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. മാതാപിതാക്കന്മാർ പഠിപ്പിക്കേണ്ടതും പാലിക്കേണ്ടതും വിശദമാക്കുക?

### 5. ചോദ്യപ്പേപ്പർ ഫയൽ

കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നതിനും പരീക്ഷയ്ക്ക് ഒരുങ്ങുന്നതിനുമായിട്ട് എല്ലാ ക്ലാസുകളിലേയും മൂന്ന് പരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ നിർബന്ധമായും ഓഫീസിൽ ചോദ്യപേപ്പർ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

### 6. അതിരൂപതാ ബുള്ളറ്റിൻ

ഹെഡ്മാസ്റ്ററുടെ പേരിൽ അയക്കുന്ന രൂപതാബുള്ളറ്റിൻ ഓഫീസിൽ സൂക്ഷിക്കേണ്ടതും വിശ്വാസപരീശീലനവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങൾളും നിർബന്ധമായും സ്റ്റാഫിൽ വായിക്കേണ്ടതാണ്.

**7. സഭാവിജ്ഞാനീയ ക്വിസ്**

അധ്യാപകർക്കുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 28ന് ശനിയാഴ്ച്ച തളിപ്പറമ്പ് പള്ളിഓഡിറ്റോറിയത്തിൽ വച്ച് 10.30 ന് നടത്തുന്നു. പഠിക്കേണ്ട പുസ്തകം 'മാതാപിതാക്കളും വിശ്വാസപരിശീലനവും'. പങ്കെടുക്കുന്നവർ ഫെബ്രുവരി 25 ന് മുമ്പ് ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

**8. വിശ്വാസോത്സവ വർക്ക് ബുക്ക്**

ഏപ്രിൽ 6 മുതൽ 10വരെ നടത്തുന്ന വിശ്വാസോത്സവത്തിന്റെ വർക്കുബുക്കുകളുടെ വില ഇപ്രകാരമായിരിക്കും 4ാം- ക്ലാസ് (കളർ പ്രിന്റ്) 32 രൂപയും ബാക്കി ക്ലാസുകളിലെ വർക്ക് ബുക്കിന് 24 രൂപയുമായിരിക്കും.

**9. ഹെഡ്മാസ്റ്റേഴ്സ് റീജയണൽ കൂട്ടായ്മ**

2014-2015 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മയ നടത്തപ്പെടുന്നു. ഏല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കെണ്ടതാണ് പ്രസ്തുത മിറ്റിംഗിൽ ഒഫീസിൽ അടക്കാനുള്ള വിവിധ തുകകൾ സ്വീകരിക്കുന്നതായിരിക്കും (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയ....)

**10. അവധിക്കാല വേദപാഠം (ക്ലാസ് 6-12)**

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ ഏപ്രിൽ 24 മുതൽ 28 വരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**11. ഡയറക്ടറച്ചന്റെ സന്ദർശനം**

വിമലശ്ശേരി, ഒറ്റമുണ്ട, വെള്ളരിക്കുണ്ട്, പേരട്ട, കാസർഗോഡ് എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.